പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.309 — 27.02.2017 ൽ മറുപടിക്ക്

## സർക്കാർ ആശുപത്രികൾ മെച്ചപ്പെടുത്താൻ നടപടി

| ചോദ്യം<br>ശ്രീ.റ്റി.വി.രാജേഷ്<br>ശ്രീമതി യു. പ്രതിഭ ഹരി<br>ശ്രീ.കെ. ദാസൻ<br>,, സി.കെ. ഹരീന്ദ്രൻ | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സർക്കാർ ആശുപത്രികളിൽ ആർദ്രം മിഷൻ നടത്തിപ്പിന്റെ പുരോഗതി അവലോകനം ചെയ്യാറുണ്ടോ; | (എ) | നിലവിൽ ഗവൺമെന്റ് തലത്തിൽ മിഷൻ നടത്തിപ്പിന്റെ അവലോകനം നടത്തിവരുന്നുണ്ട്. മിഷൻ നടത്തിപ്പ് പുരോഗമിക്കുന്ന മുറയ്ക്ക് ആശുപത്രിതലത്തിൽ അവലോകനം നടത്തുന്നതാണ്. |
| (ബി) | മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികൾ രോഗി സൗഹൃദമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) | സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികൾ രോഗീ സൗഹൃദമാക്കുന്നതിനും, ഗുണമേന്മയുള്ള ചികിത്സാ സൗകര്യങ്ങൾ ഉറപ്പ വരുത്തുന്നതിനുമായി സംസ്ഥാന സർക്കാർ നവകേരളാമിഷനിൽ ഉൾപ്പെടുത്തി ആർദ്രം ദൗത്യം ആവിഷ്കരിച്ചിട്ടുണ്ട്. ഒ.പി.ട്രാൻസ്ഫർമേഷൻ, ജില്ല,താലൂക്ക് ആശുപത്രികളിലെ നിലവാരം ഉയർത്തൽ, തിരഞ്ഞെടുത്ത പ്രൈമറി ഹെൽത്ത് സെന്ററുകളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തൽ, ആരോഗ്യ രംഗത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉയർന്ന പങ്കാളിത്തം ഉറപ്പ വരുത്തൽ എന്നിവയാണ് ആർദ്രം ദൗത്യം വഴി നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നത്. |
| (സി) | സർക്കാർ ആശുപത്രികളിൽ ഓൺലൈൻ ഒ.പി.ടിക്കറ്റിംഗ് സമ്പ്രദായം നടപ്പിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (സി) | സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ ഒ.പി.വിഭാഗത്തിലെ തിരക്ക് കുറക്കുന്നതിന്റെ ഭാഗമായി ആധുനികവത്കരിച്ച രജിസ്ട്രേഷൻ, ടോക്കൺ സംവിധാനങ്ങൾ, രോഗികളുടെ സ്വകാര്യത ഉറപ്പവരുത്തുന്ന കൺസൾട്ടേഷൻ റൂമുകൾ എന്നിവ ആർദ്രം ദൗത്യം വഴി ലക്ഷ്യമിടുന്നുണ്ട്. തിരുവനന്തപുരം ജില്ലയിലെ പേരൂർക്കട ജില്ലാ ആശുപത്രിയിൽ E Health ന്റെ സംസ്ഥാനതല ഉദ്ഘാടനം 25.01.2017 ന് നടത്തുകയുണ്ടായി. മെഡിക്കൽ കോളേജ് അടക്കമുള്ള പ്രധാന ആശുപത്രികളിൽ ഭാവിയിൽ ആരോഗ്യ |

| | | | |
|---|---|---|---|
| | | | വകുപ്പിന്റെ ഇ ഹെൽത്ത് പ്രോഗ്രമിന്റെ ഭാഗമായി ഓൺലൈൻ ഒ.പി രജിസ്ട്രേഷനും പരിഗണനയിലുണ്ട്. |
| (ഡി) | പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബ ആരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ഡി) | ഉണ്ട്,ആരോഗ്യ വകുപ്പ് നടപ്പിലാക്കുന്ന ആർദ്രം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ അസംബ്ലി മണ്ഡലം/വികസന ബ്ലോക്ക് എന്നിവിടങ്ങളിലെ ഓരോ പ്രാഥമികാരോഗ്യ കേന്ദ്രത്തെ വീതം കുടുംബാരോഗ്യ കേന്ദ്രമാക്കി വികസിപ്പിക്കാൻ പദ്ധതിയുണ്ട്. |
| (ഇ) | താലൂക്ക് ആശുപത്രികൾ നവീകരിക്കാനും അവിടങ്ങളിൽ ഡയാലിസിസ് യൂണിറ്റുകൾ ആരംഭിക്കാനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ? | (ഇ) | താലൂക്ക് ആശുപത്രികളിൽ നിശ്ചിത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഡോക്ടർമാർ അടക്കമുള്ളവരുടെ തസ്തികകൾ സൃഷ്ടിക്കുന്നതിനും, ഡയാലിസിസ് യൂണിറ്റ് ഉൾപ്പടെയുള്ള സ്പെഷ്യാലിറ്റി സൗകര്യങ്ങൾ സജ്ജമാക്കി ആധുനികവത്കരണവും, ആർദ്രം ദൗത്യം മുഖേന ലക്ഷ്യമിടുന്നുണ്ട്. ആയതിന്റെ ഭാഗമായി താലൂക്ക് ആശുപത്രികളിൽ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള 185.35 കോടി രൂപയുടെ പ്രൊപ്പോസൽ പരിഗണനയിലാണ്. ഈ വർഷം പ്ലാൻ പദ്ധതിയിൽ (2016-17) ഉൾപ്പെടുത്തി താലൂക്ക് ആശുപത്രി വർക്കലയിലും, താലൂക്ക് ആശുപത്രി ഫോർട്ടിലും ഡയാലിസിസ് യൂണിറ്റിനായി തുക വകയിരുത്തിയിട്ടുണ്ട്. കൂടാതെ സർക്കാരിന്റെ മാന്ദ്യ വിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തി 44 താലൂക്ക് ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റ് തുടങ്ങാനുള്ള പദ്ധതി ഉണ്ട്.<br><br>തസ്തിക സൃഷ്ടിക്കുന്നത് വരെ Staff-നുള്ള honorarium, HMC, RSBY Fund-ൽ നിന്നും ഉപയോഗപ്പെടുത്താനും (Dialysis technician, Staff nurse, Cleaning Staff, Dialysis doctors) Dialysis-ന് വേണ്ട consumables, മരുന്നുകൾ എന്നിവ KMSCL, Karunya, RSBY, HMC മുഖേന ലഭ്യമാക്കാനും സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ